അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള

അറബി ഭാഷാ പഠനം

# എൻ.എൻ.എൻ.എം. യുപി സ്കൂൾ കാറൽമണ്ണ



മിഷൻ **(Mission):**

നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

## പ്രധാന ലക്ഷ്യങ്ങൾ (Key Objectives):

1. ശബ്ദജ്ഞാനം **(Phonetics):** അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.
2. പദസമ്പത്ത് വികസിപ്പിക്കൽ **(Vocabulary Expansion):** അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സംഭാഷണ ശേഷി **(Conversational Skills):** ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
4. വായനാശേഷി **(Reading Skills):** ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.
5. എഴുത്തുശേഷി **(Writing Skills):** അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.
6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ **(Basic Grammar):** അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.
7. സാംസ്കാരിക അവബോധം **(Cultural Awareness):** അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives):

ക്ലാസ് **5:**

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.

- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

ക്ലാസ് **6:**

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

ക്ലാസ് **7:**

- കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.

## പഠനരീതികൾ (Pedagogical Approaches):

### 1. സംവേദനാത്മക പഠനം (Interactive Learning):

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

### 2. കളിയിലൂടെ പഠനം (Play-way Method):

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

### 3. ദൃശ്യ-ശ്രാവ്യ പഠനം (Audio-Visual Aids):

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

4. കഥപറച്ചിൽ **(Storytelling):**

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ **(Group Activities):**

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം **(Technology Integration):**

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ ടൂളുകൾ എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം **(Communicative Approach):**

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം **(Project-Based Learning):**

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക (ഉദാഹരണത്തിന്, അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

## മൂല്യനിർണ്ണയം (Assessment):

- തുടർച്ചയായ മൂല്യനിർണ്ണയം **(Continuous Assessment):** ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- ഫോർമേറ്റീവ് മൂല്യനിർണ്ണയം **(Formative Assessment):** ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- സമ്മേറ്റീവ് മൂല്യനിർണ്ണയം **(Summative Assessment):** വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

# അക്കാദമിക് മാസ്റ്റർപ്ലാൻ - 2025-2026

## മലയാളം - യു.പി വിഭാഗം

എൻ.എൻ.എൻ.എം.യു.പി സ്കൂൾ കാറൽമണ്ണ

### അടിസ്ഥാനലക്ഷ്യങ്ങൾ:

* മലയാളഭാഷയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക.
* മലയാളസാഹിത്യം ആസ്വദിക്കുന്നതിനും മലയാളത്തിലെ പ്രധാന എഴുത്തുകാരെയും അവരുടെ വ്യത്യസ്തകൃതികളെയും തിരിച്ചറിഞ്ഞാസ്വദിക്കാൻ പ്രാപ്തരാക്കുക.
* സർഗാത്മകരചനകൾക്ക് അവസരം ഒരുക്കിക്കൊണ്ട് വിദ്യാർത്ഥികളിൽ നിന്ന് പുതിയ 'എഴുത്തുകാരെ' വളർത്തിയെടുക്കുക.
* യു.എസ്.എസ് സ്കോളർഷിപ്പ് നേടുന്നതിന് ഏഴാം ക്ലാസുകാർക്ക് പ്രത്യേക പരിശീലനം നൽകുക.
* വിദ്യാർത്ഥികൾ മലയാളം തെറ്റുകൂടാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷയിലെ അടിസ്ഥാനശേഷി വികാസം | * അക്ഷരമാല<br>• മലയാളം പറയുന്നതിലും എഴുതുന്നതിലും പിന്നോക്കം നിൽക്കുന്നവരെ ക്ലാസ്തലത്തിൽ കണ്ടെത്തുന്നു. | June | ക്ലാസ് അധ്യാപകർ | |
| | • അക്ഷരമാലക്കനുസരിച്ച് വാക്കുകൾ കണ്ടെത്തി നിഘണ്ടു നിർമാണം | June, July Aug | മലയാളം അധ്യാപകർ | |
| | • പാഠപുസ്തകത്തിലെ വാക്കുകളുടെ തിരിച്ചറിവ് ന്നു എന്ന് ഉറപ്പുവരുത്താനായി 'ശരി-തെറ്റ്' – എന്ന പദകേളി നടത്തുന്നു. | Sep, Oct Nov, Dec | മലയാളം അധ്യാപകർ | |
| | • കഥയിലെ വാചകങ്ങൾ ക്രമപ്പെടുത്തൽ ചിത്രകഥ തയ്യാറാക്കൽ | Jan, Feb Mar | മലയാളം അധ്യാപകർ | PTA |
| 'വായന' ഉറപ്പുവരുത്തുക | * വായനക്കളരി<br>• വായനദിനത്തിൽ ലൈബ്രറിവിതരണം ക്ലാസ്തലത്തിൽ നടത്തുന്നു. ക്ലാസ്ലൈബ്രറി വിപുലീകരണത്തിനായി 'പിറന്നാളിന് ഒരു പുസ്തകം' പദ്ധതി നടത്തുന്നു.<br>• ലൈബ്രറി പിരീഡ് വായന നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. | June 19 to March | ക്ലാസ് അധ്യാപകർ ലൈബ്രറി ചാർജ്ജുള്ള അധ്യാപകർ | |

| | | | | |
|---|---|---|---|---|
| മലയാള കൃതികളെയും എഴുത്തുകാരെയും പരിചയപ്പെടുക. | * ആസ്വാദനക്കുറി<br>- വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് വ്യക്തിഗതമായോ ഗ്രൂപ്പ് ആയോ അവതരിപ്പിക്കുക.<br>- നാടകീകരണം, ദൃശ്യാവിഷ്കാരം എന്നിവയ്ക്ക് അവസരം നൽകുക. ചിത്രരചനയ്ക്കും കവിതാലാപനത്തിനും പ്രാധാന്യം നൽകുക.<br>- കവിയരങ്ങിൽ കവിതകൾ എങ്കിലും പാടാൻ അവസരം നൽകുന്നു.<br>- സാഹിത്യകാരൻമാർ, സാഹിത്യകാരികൾ, കൃതികൾ എന്നിവയെ പറ്റി 'ചോദ്യോത്തരവേള' നടത്തുന്നു.<br>- സാഹിത്യകാരൻമാർ / സാഹിത്യകാരികളുമായി അഭിമുഖം നടത്തുന്നു പഠനയാത്ര നടത്തുന്നു.<br>- ശില്പശാലകൾ നടത്തുന്നു. | June to March | വിദ്യാരംഗം ക്ലബ്<br>മലയാളം അധ്യാപകർ | PTA. |
| USS മികവ്. | * ചോദ്യോത്തരക്കുറി<br>യു.എസ്.എസ് പരിശീലനത്തിനായി കഥാ പാഠത്തിൽനിന്നും യു.എസ്.എസ്. മാതൃകയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുന്ന 'ചോദ്യോത്തരക്കുറി' നടത്തുന്നു. | June to February | മലയാളം അധ്യാപകർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ UP HINDI Class VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * അക്ഷരപരിചയം പൂർത്തീകരണം | 5, 6 ക്ലാസുകളിൽ പരിചയപ്പെട്ട അക്ഷരങ്ങളുടെയും വാക്കുകളുടെയും കാർഡുകളായി ചിത്രങ്ങളും, ചാർട്ടുകളും, ഡിജിറ്റൽ വർക്ക് ഷീറ്റുകളും ഉപയോഗിക്കുന്നു. | ജൂൺ | ഹിന്ദി അധ്യാപകർ | ഹിന്ദി അധ്യാപകർ |
| * ഹിന്ദി വായന. | വായന പ്രോത്സാഹിപ്പിക്കുന്നതിനായി പാഠപുസ്തകത്തിനുപുറമെ ഹിന്ദി കഥകൾ, പത്രം തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നു. ഹിന്ദി അസംബ്ലിയിൽ വാണി, പത്രവാർത്ത തുടങ്ങിയവ അവതരിപ്പിക്കൽ | ജൂൺ-19 മുതൽ മാർച്ച്-10 വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി അധ്യാപകർ PTA |
| * ഹിന്ദി എഴുത്ത്. | വാചകങ്ങളെ ക്രമപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ തുടങ്ങി- കവിതാരചന, കഥാരചന കഥ പൂർത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലേക്ക് കടക്കാം. | ആഗസ്റ്റ് മുതൽ. | ഹിന്ദി അധ്യാപകർ | |
| * ഹിന്ദി സംസാരം | ഹിന്ദി സംസാരം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസിൽ ഹിന്ദി മാത്രം സംസാരിക്കാം. ഓരോ ദിവസം ക്ലാസ്സിലെ റേഡിയോയിൽ അവസരം നൽകാം. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രസംഗം അവതരണം. കോറിയോഗ്രാഫി പാഠഭാഗങ്ങൾ സംഭാഷണമാക്കി നാടകമാക്കി അവതരിപ്പിക്കാം. ക്വിസ് നടത്താം. ഹിന്ദി ദിനവുമായി ബന്ധപ്പെട്ട് പരിപാടികളിൽ ഓരോ കുട്ടിക്കും അവസരം നൽകാം. | സെപ്റ്റംബർ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ സ്കൂളിലെ 22 അധ്യാപകർ ക്ലബ് കൺവീനർ | ഹിന്ദി അധ്യാപകർ P.T.A |

# ACADEMIC MASTER PLAN 2025-26

## UP - ENGLISH , NNMUPS , KARALMANNA

| Aim | Activities | Time Period |
|---|---|---|
| To make children read, listen and speak properly. | Lend your ear<br>Use bluetooth or smart tv and make the students listen some audioclips and make them answer some questions related with that. | July |
| | Follow me if you can<br>Use small instructions and try to make them follow it | June. |

| | | |
|---|---|---|
| Promote reading | Every one can! Read simple reading cards and give them more complex reading activity. Simple reading to complex reading | July to December |
| Learner's reading improvement | Learning ladder (Mirror reading). Write some words from lesson and use a mirror and ask the students to guess the word | September |

| | | |
|---|---|---|
| Reader of the month (monthly) | Read english newspaper daily and select the reader of the month | July to march. |
| Writing | Magazine<br>Make child magazine using their english creative works | End of the year |
| | Run baby Run<br>Write some words in a chart and ask the students to repeat it in different charts<br>(Group activity)<br>Winner: The group which repeats the maximum number of words | October |

| | | |
|---|---|---|
| Confidence boosting | English Grand Camp<br><br>Selected students from each Class and invite some guest<br>for 5th Std - Story telling, Story writing<br>For 6th Std - Role play etc<br>For 7th Std - Poem, speech etc<br>At last day documentary/ film show. | Before the year ends |

# അക്കാദമിക് മാസ്റ്റർപ്ലാൻ.
## യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | * വെർച്വൽ ഫീൽഡ് ട്രിപ്പ്. ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ, ചെങ്കോട്ട തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സമത്വം സൃഷ്ടിക്കുക. നീതിയും, ന്യായവും അംഗീകരിക്കുക. | * പ്രൊജക്ട്. ഇന്ത്യയിൽ ഇന്നുവരെ നടന്നിട്ടുള്ള ഭരണഘടനാ ഭേദഗതികളെക്കുറിച്ച് പ്രൊജക്ട് തയ്യാറാക്കൽ | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| നിയമങ്ങൾ മനസ്സിലാക്കൽ. | * നിയമ ബോധവൽക്കരണ ക്ലാസ് | | | |

| | | | | |
|---|---|---|---|---|
| ആരും നിയമത്തിന് അതീതരല്ലെന്ന ബോധം ഉണ്ടാക്കാൻ. | നിയമവാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും, വിവിധ നിയമങ്ങളെക്കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമമാണ് പോക്സോ നിയമം. | * പോക്സോ ബോധവൽക്കരണ ക്ലാസ് 'കുട്ടികളുടെ സുരക്ഷയും, പോക്സോ നിയമവും' എന്ന വിഷയത്തിൽ നിയമ വിദഗ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ പരിപാടി. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക. ക്ലാസ് ഭരണഘടന മുന്നോട്ട് വെക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തരാക്കുക. | * ക്ലാസ് ഭരണഘടന. ഇന്ത്യൻ ഭരണഘടനയുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്. |

| | | | | |
|---|---|---|---|---|
| Safe touch/Secret touch തിരിച്ചറിയുക.<br>ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് ഉണ്ടാക്കുക. | * ലഘുലേഖ തയ്യാറാക്കാം.<br>കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാൻ ഇടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും, അതിൽ നിന്ന് രക്ഷപ്പെടാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ലഘുലേഖ തയ്യാറാക്കൽ | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | * നന്മയുടെ ലോകത്തേക്ക്.<br>വെള്ളപ്പൊക്കം, ഭൂമികുലുക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും, പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകൾ ആയ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | ഭാഗമായി കുട്ടികൾ ശേഖരിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | |
| വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാർ ആക്കുന്നു. | * ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം. | * സ്പെഷ്യൽ സ്കൂളുകൾ സന്ദർശനം. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്കൂളുകൾ സന്ദർശിച്ച് | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| | ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | | | |
| വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാർ ആക്കുന്നു. | * ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം. | * സ്പെഷ്യൽ സ്കൂളുകൾ സന്ദർശനം. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്കൂളുകൾ സന്ദർശിച്ച് | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| | ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന് | | | |
| ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന്. | * ശിൽപശാല.<br>ഭൂമിയുടെ ഘടനയുടെ മാതൃക നിർമിക്കൽ. | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| നമ്മുടെ രാജ്യത്ത് നില നിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തിരിച്ചറിയുക. | * സർവ്വേ നടത്താം.<br>പ്രദേശത്ത് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യനിർമാർജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു. | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| വിഷയത്തിന്റെ വിശദീകരണത്തിന് | * സെമിനാർ<br>ദാരിദ്ര്യനിർമാർജനപദ്ധതികളും, ദാരിദ്ര്യലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | | | |
| ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം | | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26.

## എൻ. എൻ. എൻ. എം. യു. പി. സ്കൂൾ കാരക്കുന്ന്

## സംസ്കൃതം - യു. പി. വിഭാഗം.

അടിസ്ഥാനലക്ഷ്യങ്ങൾ

* സംസ്കൃതഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുകയും ഭാഷ ഉപയോഗിക്കുകയും ചെയ്യുക
* സംസ്കൃതഭാഷാസമ്പത്തിന്റെ പ്രാധാന്യവും തിരിച്ചറിയാൻ കുട്ടികളെ സജ്ജരാക്കുക.
* സംസ്കൃതവായന, ഉച്ചാരണം എന്നിവയിൽ കൃത്യമായ ധാരണ കുട്ടിക്ക് ഉണ്ടാക്കണം.
* സംസ്കൃതപഠനത്തിൽ കുട്ടിക്ക് പ്രാവീണ്യം ഉണ്ടാക്കുക.
* സംസ്കൃതത്തിൽ പേരും മാതാപിതാക്കളുടെ പേരും എല്ലാ കുട്ടികൾക്കും എഴുതാൻ സാധിക്കണം.
* USS സംസ്കൃതത്തെ കൂടി പരിഗണിക്കേണ്ടതാണ്. ഉൾക്കൊള്ളണം.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| * സരളം സംസ്കൃതം. സംസ്കൃതഭാഷയിലെ അടിസ്ഥാന ശേഷി വികസനം. | * അക്ഷരമാല<br>* ചിഹ്നങ്ങൾ. | June | സംസ്കൃതാധ്യാപകർ | സംസ്കൃതാധ്യാപകർ |
| | * സംസ്കൃതം വായിക്കാനും എഴുതാനും പിന്നോക്കം നിൽക്കുന്നവരെ ക്ലാസ് തലത്തിൽ കണ്ടെത്തുന്നു. | June | | |
| | * ദിവസവും 5 വാക്ക് വീതം നൽകി, അവയെ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | July to March | | |
| | * ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു.<br>* ആപ്തവാക്യങ്ങൾ പരിചയപ്പെടുന്നു. പറയുന്നു. | Sep to December | | സംസ്കൃതാധ്യാപകർ, Parents. |
| | * സുഭാഷിതങ്ങൾ പരിചയപ്പെടുന്നു. ചൊല്ലുന്നു<br>* ലഘുകവിതകൾ ചൊല്ലുന്നു. ലഘു കവിതകൾ ചൊല്ലുന്നു. | January to March | | |

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| * സംസ്കൃത വായനക്കും ഉച്ചാരണത്തിനും പ്രാധാന്യം. | * വായനവേള<br>സംസ്കൃതമാസികകളും ചിൽഡ്രൻസ് ബുക്സുകളും ഉപയോഗിച്ച് വായന.<br>* നല്ല ഉച്ചാരണമുള്ള പ്രഭാഷണം പരിചയപ്പെടുത്തൽ.<br>* സംസ്കൃത ലൈബ്രറി ഉപയോഗം വർധിപ്പിക്കൽ<br>* സംസ്കൃതം പ്രാർത്ഥന പറയൽ. | July to March. | സംസ്കൃതം അദ്ധ്യാപിക | സംസ്കൃതം അദ്ധ്യാപിക, HM, PTA |
| * സംസ്കൃത രചനാശേഷി ഉണ്ടാക്കുക | * സംസ്കൃതരചനകളുടെ സാഹചര്യം ഉണ്ടാക്കൽ<br>* ലഘുരചനകളെ പരിചയപ്പെടൽ<br>* സംസ്കൃതസാഹിത്യകാരന്മാരെയും രചനകളെയും പരിചയപ്പെടൽ<br>* ശില്പശാല. | July to March | സംസ്കൃതം അദ്ധ്യാപിക | സംസ്കൃതം അദ്ധ്യാപിക, HM, PTA |
| USS മികവ്, സ്കോളർഷിപ്പ് മികവ്. | * പ്രശ്നോത്തരി<br>* USS മോഡൽ ഉള്ള ചോദ്യങ്ങളുടെ നിർമാണവും അവതരണവും.<br>* സംസ്കൃതം സ്കോളർഷിപ്പ് Model ൽ ഉള്ള ചോദ്യങ്ങളുടെ നിർമാണവും അവതരണവും | July to March | സംസ്കൃതം അദ്ധ്യാപിക | സംസ്കൃതം അദ്ധ്യാപിക |
| | | | | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്....... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# ഉർദു

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ-2025-26

# യുപിതലം

| ക്രമ നം | പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | [illegible] ഉർദുവായന | വായനമത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ ഉർദു പത്രങ്ങൾ, വായനാ കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം; സബ്ജക്ട് കൗൺസിൽ |
| 2 | മേരാ [illegible] ഉർദു കൈയ്യെഴുത്ത് മാസിക | രചനാശേഷി വളർത്താൻ ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയ്യെഴുത്ത് ലക്ഷ്യ പൂർത്തീകരണത്തിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കൈയെഴുത്ത് മാസിക, ചുമർ പത്രിക നിർമാണം, വായന കാർഡ് നിർമാണം. | ടേമിൽ 1 വീതം. | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | ഡിജിറ്റൽ മാഗസിൻ. | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ. |
| 4 | ജശ്ന-ഏ ഉർദു പൊതുവിജ്ഞാനം | പൊതുവായതും ഉർദു വിഷയങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേമിൽ 1 വീതം. | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | ഹംദിലെ ഉർദു ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക, ഉർദു സാഹിത്യകാരന്മാരോട് മുഖാമുഖങ്ങൾ സംഘടിപ്പിക്കുക | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | 8000 | എച്ച്.എം. സബ്ജക്ട് കൗൺസിൽ. |
| 6 | ഉർദുദിനം | ടാലന്റ് മീറ്റ്, [illegible] ഭാഷാ സെമിനാർ, [illegible] പതിപ്പ് | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 700 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |

| ക്രമ നം | പ്രവർത്തനം | പ്രവർത്തനരൂപം | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 7 | വായന അനുഭവം | കുട്ടിവായന, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ് | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10,000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ദിനാചരണങ്ങൾ. | ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | ഉർദു കെ മോത്തിയാം ഉർദു സാഹിത്യത്തെ പരിചയപ്പെടൽ. | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതു വേദി ഒരുക്കുക. ഉർദുവിലെ പ്രശസ്തരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക. | വർഷത്തിൽ ഒന്ന്. | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | | | | | | |